# കേൾക്കൂ.......
# കേൾക്കാതിരിക്കുന്നതെങ്ങനെ?

**കണ്ണും** കാതും ഹൃദയവും ഉപയോഗിക്കാതിരുന്നാലും, അല്ലെങ്കിൽ തെറ്റായി ഉപയോഗിച്ചാലും മനുഷ്യൻ മനുഷ്യനല്ലാതായി മാറും. വേലിക്കപ്പുറം പോയി പുല്ലുതിന്നുന്ന നാൽക്കാലികളായി നാം മാറുമെന്നർത്ഥം (*ഖുർആൻ* 7:179). മനുഷ്യനെ മൃഗത്തിൽ നിന്നു വേർതിരിക്കുന്ന അതിർവരമ്പുകളുടെ ലംഘനമാണത്. മനുഷ്യനായി നിലനിൽക്കണമെങ്കിൽ ഇവ മൂന്നും (കണ്ണ്, കാത്, ഹൃദയം) ശരിയായി ഉപയോഗിച്ചേ മതിയാവൂ. ഹൃദയത്തിന്റെ 'കാഴ്ചശക്തി' സംരക്ഷിക്കാൻ കോൺകേവ്, കോൺവെക്സ് ലെൻസുകൾ കൊണ്ടാവില്ല. അതിനു വേണ്ടി കണ്ണിനും കാതിനും ചില അതിർ വരമ്പുകൾ നിർണ്ണിതമായിട്ടുണ്ട്. അവ ലംഘിക്കാതിരിക്കലാണ് ഏകമാർഗം. കാണാനും കേൾക്കാനുമുള്ള സ്വാതന്ത്ര്യം അപരന് അടിയറ വെക്കരുത്.

വർണ്ണ പ്രപഞ്ചത്തിന്റെ മായാലോകത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോയി, ചാനൽ വിസ്മയങ്ങളിലൂടെ നമ്മുടെ കാഴ്ചയെ അപഹരിച്ചു അവർ. ഇന്ന് കേൾവിയുടെ നിത്യത വാഗ്ദാനം ചെയ്ത് നമ്മുടെ ചെവികളേയും കീഴടക്കിയിരിക്കുന്നു. കണ്ണും കാതും കീഴടക്കിയാൽ ഹൃദയവും കീഴടക്കാം എന്നു പാഠം.

ടെലിവിഷനിലെ കാഴ്ചയും എഫ്.എമ്മിന്റെ കേൾവിയും പുതിയൊരു കൃത്രിമ ലോകം പണിത് നമ്മെ അങ്ങോട്ട് ആനയിക്കുന്നു. വാഹനമോടിക്കുമ്പോൾ റേഡിയോയിലൂടെ നഗരത്തിലെ ട്രാഫിക്ജാമിനെക്കുറിച്ച് അറിവു കിട്ടുന്നു. ജാമിലെത്തുന്നതിനു മുമ്പ്തന്നെ അശ്രദ്ധയുടെ ഇരയായി ട്രാഫിക് ജാമില്ലാത്ത മറ്റൊരു ലോകത്ത് നിമിഷാർദ്ധത്തിൽ എത്തിച്ചേരുന്നു. റേഡിയോവിൽ അപ്പോഴും ശബ്ദം നിലച്ചിട്ടുണ്ടാവില്ല: 'എത്രയും പെട്ടെന്ന് ഇനി പറയുന്ന നമ്പറിൽ ഡയൽ ചെയ്യൂ. സമ്മാനങ്ങളുടെ വലിയ ലോകം നിങ്ങളെ കാത്തിരിക്കുന്നു'....

കാഴ്ചയുടെ മഹാപ്രളയമായ ചാനലുകൾക്കില്ലാത്ത ഒരു മാരകദൂഷ്യം കൂടി കേൾവിയുടെ പുതിയ ആസ്വാദന രീതിയായ എഫ്.എമ്മിനുണ്ട്. അത് നമ്മുടെ ജീവിതത്തിലെ സ്വകാര്യതകളെ കടന്നാക്രമിക്കുന്നു. നമ്മുടെ ഏകാന്തതകളെപ്പോലും കവർന്നെടുക്കുന്നു. കാഴ്ച കാണുന്നതിനായി നാം അങ്ങോട്ടു പോകേണ്ടതില്ല. കേൾവി

# മുഹർറത്തിൽ അശുഭ മുഹൂർത്തങ്ങളോ?

**ഹിജ്റ** വർഷത്തിലെ ഒന്നാം മാസമായ മുഹർറവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ചില വിശ്വാസാചാരങ്ങൾ നിലനിൽക്കുന്നുണ്ട്. ശീഈ വിഭാഗങ്ങളിലാണ് ഇത് കൂടുതലായി കാണുന്നത്. മുഹർറം ഒന്ന് മുതലുള്ള ദിവസങ്ങളിൽ കറുത്ത വസ്ത്രം ധരിക്കുക, തീയിൽ ചാടുക, നെഞ്ചത്തടിച്ചു കരയുക തുടങ്ങി ഇസ്‌ലാം നിരോധിച്ച പല ചെയ്തികളും ലോകത്തെങ്ങുമുള്ള ശിയാക്കൾ അനുവർത്തിച്ചു വരുന്നു. മുഹർറം ഘോഷയാത്രകളോടനുബന്ധിച്ചും ഉണ്ടാകുന്ന അല്ലറചില്ലറ സംഘർഷങ്ങൾ.

ശിയാക്കളെപോലെ കടുത്ത അനാചാരങ്ങളില്ലെങ്കിലും, മുഹർറം മാസത്തിലെ 10 ദിവസങ്ങളിൽ ഒരു നല്ല കാര്യവും ചെയ്തുകൂടെന്ന വികലമായ വിശ്വാസം സുന്നീ വിഭാഗങ്ങൾക്കിടയിൽ ഉണ്ട്. പ്രത്യേകിച്ച് ഗൃഹപ്രവേശം, വിവാഹം തുടങ്ങിയ കാര്യങ്ങൾക്ക് മുഹർറം പത്ത് കഴിയാൻ കാത്തിരിക്കുന്നു. ആ ദിവസങ്ങൾ 'നഹ്സി'ന്റേതാണെന്നാണു പറയുക. യാഥാസ്ഥിതിക വിഭാഗങ്ങളിലാണ് ഇത്തരം തെറ്റിദ്ധാരണകൾ നിലനിൽക്കുന്നത്.

ഇത്തരം വിശ്വാസങ്ങൾക്ക് ദീനുമായി യാതൊരു ബന്ധവുമില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചുകൊണ്ട് രണ്ട് സുന്നീപണ്ഡിതന്മാർ എഴുതിയ ലേഖനങ്ങൾ ശ്രദ്ധേയവും അഭിനന്ദനാർഹവുമായി തോന്നി. സുന്നീപണ്ഡിതനും, മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറ റശീദിയ്യ അറബി കോളേജ് പ്രിൻസിപ്പലുമായ സെയ്ദുമുഹമ്മദ് നിസാമി എഴുതുന്നു: 'മുഹർറം മാസത്തിലെ പത്തു ദിവസം ദുശ്ശകുനത്തിന്റെയും, അപലക്ഷണത്തിന്റെയും അവസരങ്ങളായി ചിലർ കണക്കാക്കുന്നു. ഈ വിശ്വാസം തികച്ചും അടിസ്ഥാനരഹിതമാണ്. സത്യത്തിന്റെയും, ധർമത്തിന്റെയും വിജയമായിരുന്നു മുഹർറത്തിലെ ആദ്യത്തെ പത്ത്. ആദം നബി(അ) ഭൂമിയിലേക്ക് വന്നത്, മഴ ആദ്യം വർഷിച്ചത്, പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്, നൂഹ് നബിയുടെ കാലത്തെ ജലപ്രളയം, അയ്യൂബ് നബിയുടെ രോഗശമനം, ഇബ്റാഹിം നബി(അ)യുടെ അഗ്നിപരീക്ഷണം, മൂസാ നബി(അ)യുടെ ചെങ്കടലിലൂടെയുള്ള യാത്ര, ഈസാ നബി(അ)യുടെ ആകാശാരോഹണം തുടങ്ങി നിരവധി സംഭവങ്ങൾക്ക് മുഹർറം പത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്' (സെയ്ദുമുഹമ്മദ് നിസാമി, *ചന്ദ്രിക* 15-1-2008).

അബ്ദുൽ മജീദ് ഫൈസിക്ക് ഇവ്വിഷയകമായി പറയാനുള്ളതും മറ്റൊന്നല്ല. ഇത്തരം വിശ്വാസങ്ങൾക്ക് ഇസ്‌ലാമിൽ യാതൊരടിസ്ഥാനവുമില്ലെന്ന് മാത്രമല്ല, ഇത് ശരീഅത്ത് വിരോധികളുടെ പ്രചാരണമാണെന്ന് അദ്ദേഹം തറപ്പിച്ചു പറയുകയും ചെയ്യുന്നു.

'മുഹർറം മാസത്തിലെ ആദ്യ പത്ത് ദിനങ്ങൾ പുണ്യകർമങ്ങളുടെ പൂക്കാലമാണ്. മുഹർറം പത്ത് വരെ ദുഃഖദിനങ്ങളാണെന്നും, സഫർ മാസവും ഇങ്ങനെ തന്നെയാണെന്നുമുള്ള വിശ്വാസം ശരീഅത്ത് വിരോധികളുടെ പ്രചരണമാണ്.പ്രധാനികളായ പ്രവാചകർക്കെല്ലാം ദഅ്‌വാരംഗത്ത് പരീക്ഷണങ്ങൾക്ക് വിജയം കണ്ടത് ഈ മാസം പത്തിനായിരുന്നു. ആദം നബിയുടെ തൗബ സ്വീകരിക്കപ്പെട്ടത്, ഇബ്രാഹിം നബി നംറൂദിന്റെ തീകുണ്ഡത്തിൽനിന്നും രക്ഷപ്പെട്ടത്, മൂസാനബി നൈൽ തടാകം കടന്നത്, നൂഹ് നബി കപ്പലിൽ രക്ഷപ്പെട്ടത്, യൂനുസ് നബി മൽസ്യത്തിന്റെ സംരക്ഷണത്തിൽ കര പറ്റിയത്, ഈസാനബിയെ വാനലോകത്തേക്കുയർത്തിയത് തുടങ്ങിയവ' (അബ്ദുൽമജീദ് ഫൈസി, *പൂങ്കാവനം* മാസിക. 2008 ജനുവരി).

**റഹ്മാൻ മധുരക്കുഴി**

യുടെ വിരുന്നുമായി അവ ഇങ്ങോട്ടു വന്നണയും. നമ്മുടെ യാത്രകളെ അത് കവർന്നെടുക്കുന്നു. കിടപ്പുമുറികളെ കീഴടക്കുന്നു. അടുക്കളയെ വരുതിയിലാക്കുന്നു. നമ്മുടെ വിശ്രമവേളകളെ ഓരോന്നായി കവർന്നെടുക്കുന്നു. നമ്മുടെ ഒഴിവു ദിനങ്ങളെ സ്പോൺസർ ചെയ്യുന്നു. ശൗച്യാലയങ്ങൾ വരെ എഫ്.എം ഒഴുകിയെത്തുന്നു.

'നിങ്ങൾ എവിടെയായിരുന്നാലും ഞങ്ങൾ നിങ്ങളോടൊപ്പം' എന്ന മുദ്രാവാക്യത്തിന്റെയർഥം നിങ്ങൾക്കു ഞങ്ങളുടെ പിടിയിൽ നിന്നു മോചനമില്ല എന്നാണ്. വിദ്യാലയങ്ങളിൽ പോലും അത് കടന്നുചെല്ലുന്നു. നമ്മുടെ കുട്ടികളും ഇപ്പോൾ കേട്ടുകൊണ്ടേയിരിക്കുകയാണ്. പിരീഡുകൾക്കിടയിലെ ബോറടി മാറ്റാൻ ഉത്തമ ഔഷധം. ആദ്യം നമ്മുടെ കുട്ടികളുടെ കൈകളിൽ മൊബൈൽ ഫോണുകൾ കൊടുത്തവർ ഇപ്പോൾ എഫ്.എം റേഡിയോയും കൊടുത്തിരിക്കുന്നു. ഓരോ പുതിയ സ്റ്റേഷൻ തുറക്കുമ്പോഴും മൊബൈൽ കമ്പനികൾ തങ്ങളുടെ കീശ വീർപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇരുപത്തിനാലു മണിക്കൂറും നിർത്താത്ത ഫോൺകോൾ പരിപാടികളുടെ ഇരകളോ അടിമകളോ ആയിത്തീർന്നിരിക്കുന്നു നാമിന്ന്. ചാനലുകളിലൂടെ ചിന്ത മരവിപ്പിച്ച്, എഫ്.എമ്മിലൂടെ കേൾവി വഴി തിരിച്ചുവിട്ട് പൈഡ് പൈപ്പറെപ്പോലെ കുഴലൂതി കുഴലൂതി ഇവർ നമ്മെ പടുകുഴികളിൽ ചാടിക്കുകയാണ്.

പണം കൊടുത്ത് പാഴ്‌വാക്കുകൾ വാങ്ങുന്നവരെക്കുറിച്ച് ഖുർആനിൽ വ്യക്തമായ പരാമർശം വന്നിട്ടുണ്ട്(31:6). പാഴ്നോക്കുകളുടെ സ്ഥിതിയും മറ്റൊന്നല്ല. 'പേ ചാനൽ' എന്നു നമുക്കതിനെ ഭാഷാന്തരം ചെയ്യാം. 'കേൾക്കൂ കേൾക്കൂ കേട്ടുകൊണ്ടേയിരിക്കൂ' എന്നാണ് ഒരു കൂട്ടരുടെ ആടയാള വാക്യം. മറ്റൊന്ന് പറയുന്നത്: 'കേൾക്കാതിരിക്കുന്നതെങ്ങനെ'? അഥവാ ഞങ്ങൾ പറയുന്നത് നിങ്ങൾ കേൾക്കണം. പറഞ്ഞാൽ കേൾക്കുക എന്നാൽ അനുസരിക്കുക എന്നാണർഥം. ഇനി ഞങ്ങൾ പറയുന്നത് കേട്ട് നിങ്ങൾ ഉറങ്ങുക, ഉണരുക. ഈ തരംഗത്തിൽ ലയിച്ചു ചേർന്ന് മുന്നോട്ടു പോവുമ്പോൾ ഒന്നു മനസ്സിലാക്കുക 'അറിവില്ലാത്തതിനു പുറകെ കൂടരുത്. കണ്ണും കാതും മനസ്സുമെല്ലാം വിചാരണാ വിധേയമാകുന്നതാണ്' (*അൽ ഇസ്റാഅ്*: 36).

**നിഷാദ് നിലമ്പൂർ**

# പുതിയ തന്ത്രങ്ങൾ കണ്ടെത്തുക

**ഇന്ത്യയെപ്പോലെ** പരമ്പരാഗത മൂല്യങ്ങൾ കാത്തുസൂക്ഷിച്ചു പോന്നിരുന്ന ദേശങ്ങൾക്ക് മാരക പ്രഹരമേൽപിക്കുന്നത് തന്നെയാണ് 'കൈവിട്ടുപോകുന്ന കൗമാരം'(ലക്കം 29). എല്ലാ വിഭാഗവും ഈ വിഷയത്തിൽ ചകിതരാണ്. കാരണം ഈ പുതിയ സംസ്കാരം നമ്മിൽനിന്ന് കവർന്നെടുക്കുന്നത് കുടുംബം എന്ന കൊച്ചു സ്വർഗത്തെയാണ്. വിശ്വാസത്തിന്റെയും പ്രണയത്തിന്റെയും സ്വർണനൂൽകൊണ്ടു മാത്രമേ കുടുംബം തുന്നിച്ചേർക്കാനാവൂ. പ്രണയം, അനുരാഗം എന്നൊക്കെ പറയുന്നത് കാമമല്ല എന്ന് ഇന്നത്തെ കൗമാരത്തോടു പറഞ്ഞാൽ പറയുന്നവന്റെ പിരി തെറ്റിയെന്നർഥം. കാമപൂർത്തി എന്ന ഒറ്റ മുഖമല്ലാതെ ആൺപെൺ ബന്ധത്തിന് മറ്റൊരു തലവും ഇന്ന് പ്രചരിപ്പിക്കപ്പെടുന്നില്ല. കാമപൂർത്തീകരണം എന്നത് ദാഹിക്കുമ്പോൾ വെള്ളം കുടിക്കുന്നത്ര ലാഘവമുള്ള ഒരു കർമമായി കൗമാരത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ സിനിമ മുതൽ വിദ്യാഭ്യാസ മന്ത്രാലയം വരെ കൈ കോർത്തിരിക്കുന്നു.

സമൂഹത്തിൽ ലൈംഗികാരാജകത്വം വളർത്തി മുതലെടുപ്പു നടത്തുന്നവർക്ക് കിട്ടിയ വരദാനമാണ് ആധുനിക സാങ്കേതിക വിദ്യ. സെപ്റ്റംബർ 11-ന് മുമ്പും പിമ്പും എന്നു പറയുന്നത് പോലെ നമ്മുടെ നാട്ടിൽ ഓർത്തുവെക്കേണ്ട ഒരടയാളമാണ് ഐ.ടി വിപ്ലവത്തിന് മുമ്പും പിമ്പും എന്നത്. ഈ രണ്ടു ഘട്ടങ്ങളുടെ പ്രധാന വ്യത്യാസങ്ങൾ വിശകലനം ചെയ്ത് പുതിയ ഘട്ടത്തിലെ പ്രത്യേകതകൾക്ക് അനുയോജ്യമായ പ്രതിരോധ സംവിധാനം ഒരുക്കാതെ 'നമ്മുടെ മക്കൾ വഴിതെറ്റുന്നല്ലോ, അവരെ രക്ഷിക്കണമല്ലോ' എന്ന് ദിക്ർ പാരായണം കൊണ്ട് ഒരു പ്രയോജനവും ഇല്ല.

മുമ്പ് നഗ്നതയും അശ്ലീലതയും ഒരു മറയുടെ അപ്പുറത്താണുണ്ടായിരുന്നത്. ടീനേജുകാരെ ആ മറയുടെ അപ്പുറത്തേക്ക് തലയിട്ടുനോക്കാതെ തടയാൻ കഴിഞ്ഞാൽ പകുതി വിജയിച്ചു. ഇന്ന് പോക്കറ്റിലെ മെമ്മറിസ്റ്റിക്കിലും ബുക്കിൽ വെച്ച സി.ഡിയിലും മൊബൈലിലും നെറ്റിലുമെല്ലാം നഗ്നശരീരങ്ങളുടെ വിളയാട്ടമാണ്. പഴയ തന്ത്രങ്ങൾ ഇന്നു ഫലിക്കുമോ? കൺമുന്നിൽ നൃത്തമാടിയാലും വഴിമാറിപ്പോകാൻ തക്ക ആത്മീയബലം എങ്ങനെ എന്ന് പറഞ്ഞു തരുന്നില്ലല്ലോ ആരും. ബാല മനശ്ശാസ്ത്രവും മറ്റുമറിയുന്ന ഒരു ടീം പുതിയ സാഹചര്യത്തിനിണങ്ങിയ ഒരു ബോധനരീതി കണ്ടെത്തണം. പാശ്ചാത്യ നാടുകളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ടാവില്ലേ? നമ്മെക്കാൾ മുമ്പ് ഇത് അനുഭവിച്ചവരാണല്ലോ അവർ.

ചാരിത്ര്യനഷ്ടം ഗുരുതരമാണെന്ന് താക്കീത് ചെയ്യുന്ന പഴയ സമൂഹികാന്തരീക്ഷം ഇവിടെ ഉണ്ടായിരുന്നു. വിവാഹേതര ബന്ധം ഗൗരവമേറിയ തെറ്റാണെന്ന ബോധം അന്നത്തെ സാഹിത്യങ്ങളും സിനിമകളും വരെ പകർന്നു തന്നിരുന്നു. പുതിയ ഘട്ടം നേരെ വിപരീതമാണ്. ഇസ്‌ലാമിക ബോധമുള്ള രക്ഷിതാക്കളുടെ മക്കൾക്കു പോലും ഇക്കാര്യത്തിൽ എത്രകണ്ട് നിഷ്ഠയുണ്ടെന്ന് നാം പഠിക്കേണ്ടതുണ്ട്. കുടുംബ വ്യവസ്ഥ തകർന്നതുമൂലം ഭ്രാന്ത് പിടിച്ച് തലതല്ലിച്ചാവുകയാണ് പാശ്ചാത്യൻ. കുന്നുകൂടിയ സമ്പത്ത് കൈയിലുണ്ട്. പക്ഷേ, കുന്നിമണിയോളം സമാധാനം ജീവിതത്തിലില്ല. ഈ സത്യം മറച്ചുവെച്ച് അതിരില്ലാത്ത ലൈംഗിക സംസ്കാരം പൊലിപ്പിച്ചു കാട്ടി മയക്കിവീഴ്ത്തുകയാണ് വിപ്ലവ പാർട്ടിയുടെ യുവ ചാനൽ പോലും. പകരം നാമെന്തു ചെയ്തു? മുസ്‌ലിം സംഘടനകൾ ആഴ്ചതോറും റിലീസ് ചെയ്യുന്ന 'വഅ്ള്' സി.ഡികൾ നമ്മുടെ യുവതയെ അശ്ലീലതയിൽനിന്നു തടയുമോ? മനസ്സിൽ തട്ടുന്ന കലാസൃഷ്ടികളിലൂടെ കൗമാര ചിന്തകളിലേക്ക് ഒരു പാലം കെട്ടാൻ നമുക്കാവില്ലേ? കുടുംബം നൽകുന്ന സൗഭാഗ്യവും അരാജകത്വം നൽകുന്ന ഭ്രാന്തും മുസ്‌ലിംകളെ മാത്രമല്ല, രാജ്യനിവാസികളെ മൊത്തം ബോധ്യപ്പെടുത്താൻ നാം എത്ര വഅ്ള് പറയണം? പറഞ്ഞാലും ആരു കേൾക്കും?

പുതിയ തന്ത്രങ്ങൾ നാം രൂപപ്പെടുത്തിയേ പറ്റൂ. പഴയ രീതികൾ എത്ര കർശനമാക്കിയാലും ഫലം തരില്ല. കാരണം സാഹചര്യം തീർത്തും മാറിയിരിക്കുന്നു. അതു നാം തിരിച്ചറിയണം.

**മുഹമ്മദ് മഞ്ചേരി**